CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# വി. കുർബാന ഗൈഡ്

തയ്യാറാക്കിയത് :

ജോബിയച്ചൻ
സ്പിരിച്ച്വാലിറ്റി സെൻറർ,
ഇരിങ്ങാലക്കുട

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വി.കുർബാന

## പശ്ചാത്തലം

യഹൂദ പെസഹാവിരുന്നിൻെറ പശ്ചാത്തലത്തിലാണ് ഈശോ കുർബാന സ്ഥാപിച്ചത്.

### *a) പെസഹാ വിരുന്നിൻെറ നിബന്ധനകൾ :-*

- വിരുന്ന് ജെറുസലം പട്ടണത്തിനകത്തായിരിക്കണം.
- അന്നേദിവസം പട്ടണത്തിൽ ഭിക്ഷക്കാരുണ്ടാകരുത്.
- വിരുന്നിന് 10 പേരെങ്കിലും ഉണ്ടാകണം.
- സൂര്യാസ്തമയത്തിന് ശേഷമായിരിക്കണം വിരുന്ന്.
- 3 കപ്പ് വീഞ്ഞ്, കയ്പുള്ള പച്ചക്കറികൾ, അപ്പം, ആട്ടിറച്ചി എന്നിവയുണ്ടാകണം.

### *b) വിരുന്നിൻെറ രീതി :-*

കുടുംബനാഥൻ കൈകഴുകിക്കൊണ്ടാണ് വിരുന്ന്

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആരംഭിക്കുന്നത്. ഒന്നാമത്തെ കപ്പ് എടുത്ത് ഉയർത്തി യഹോവയ്ക്ക് നന്ദി പറഞ്ഞ് കുടുംബനാഥനും കുടുംബാഗങ്ങളും കുടിക്കുന്നു. പിന്നെ, അപ്പമെടുത്ത് അതിൽ നിന്നും ഒരു കഷണം മാറ്റി വെച്ച് ബാക്കിയുള്ളത് അവർ ഭക്ഷിക്കുന്നു.

തുടർന്ന് രണ്ടാമത്തെ കപ്പ് എടുത്ത് ഉയർത്തി നന്ദി പറഞ്ഞ് കുടുംബനാഥനും കുടുംബാംഗങ്ങളും കുടിക്കുന്നു. കയ്പുള്ള പച്ചക്കറികളും അവർ കഴിക്കുന്നു. ഇതു അടിമത്തകാലഘട്ടത്തിലെ കഷ്ടതകളിൽ കർത്താവ് അവരെ എങ്ങനെ പരിപാലിച്ചു എന്നോർക്കുവാനാണ്.

ഇനി ചോദ്യോത്തര വേളയാണ്. ഇളയകുട്ടി ആ ദിവസത്തിൻെറ പ്രത്യേകതയെന്തെന്ന് ചോദിക്കുന്നു ; പണ്ട് കാലം മുതലുള്ള ദൈവപരിപാലനയുടെ ചരിത്രം കുടുംബനാഥൻ ഏവർക്കും വിശദീകരിച്ച് കൊടുക്കുന്നു.

ഇനിയാണ് അത്താഴം. ആട്ടിറച്ചിയാണ് അത്താഴത്തിന് അവർ ഭക്ഷിക്കുക.

അത്താഴത്തിന് ശേഷം മൂന്നാമത്തെ കപ്പ് എടുത്ത് ഉയർത്തി വരുവാനിരിക്കുന്ന രക്ഷകനെ ഓർത്ത് മുൻകൂട്ടി നന്ദി പറഞ്ഞ് കുടുംബനാഥനും കുടുംബാംഗങ്ങളും കുടിക്കുന്നു. മൂന്നാമത്തെ ഈ കപ്പിന്

CHRISTIAN MUSICOLOGICAL SOCIETY OF INDIA

''മിശിഹായുടെ കാസ'' എന്നാണ് പറയുക. തുടർന്ന് മാറ്റിവെച്ച അപ്പക്കഷണമെടുത്ത് ഉയർത്തി വരുവാനിരിക്കുന്ന രക്ഷകനെ ഓർത്ത് നന്ദി പറഞ്ഞ് കൊണ്ട് കുടുംബനാഥനും കുടുംബാംഗങ്ങളും കഴിക്കുന്നു.

***c) സെഹിയോൻ ഊട്ടുശാലയിലെ പെസഹാവിരുന്ന് (അന്ത്യ അത്താഴം) :-***

ഈശോ മൂന്നാമത്തെ കപ്പ് (മിശിഹായുടെ കാസ) എടുത്ത് ഉയർത്തി പതിവിന് വിപരീതമായി പറഞ്ഞു ''ഇത് എൻെറ രക്തമാകുന്നു''. മാറ്റിവെച്ച അപ്പക്കഷണമെടുത്ത് പറഞ്ഞു: ''ഇത് എൻെറ ശരീരമാകുന്നു''. അനേക വർഷങ്ങളായി യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ താനാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് യഹൂദ പെസഹാവിരുന്നിൻെറ പശ്ചാത്തലത്തിൽ ഈശോ കുർബ്ബാന സ്ഥാപിച്ചു.

***സ്ഥലങ്ങൾ***

ദൈവജനം നില്ക്കുന്ന 'ഹൈക്കല' ഭൂമിയെ സൂചിപ്പിക്കുന്നു. വൈദികൻ നില്ക്കുന്ന 'മദ്ബഹ' സ്വർഗ്ഗത്തേയും, കർത്താവിൻെറ കല്ലറ സ്ഥിതി ചെയ്യുന്ന തോട്ടത്തേയും സൂചിപ്പിക്കുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വസ്ത്രങ്ങൾ

കൊത്തീന → പുതിയ മനുഷ്യൻ
ഊറാറ → പരിശുദ്ധി
സൂനാറ → ശുദ്ധത
കാപ്പ → നീതി

## വ്യക്തികൾ

കാർമ്മികൻ യേശുവിൻേറയും, ശുശ്രൂഷികൾ മാലാഖമാരുടേയും, സമൂഹം വരുവാനിരിക്കുന്ന സ്വർഗ്ഗീയാരാധനാസമൂഹത്തിൻേറയും പ്രതീകമാണ്.

## അനുഷ്ഠാനങ്ങൾ

നില്പ് ഉത്ഥാനത്തേയും, മുട്ടുകുത്തുന്നത് സഹായാഭ്യർത്ഥന, പശ്ചാത്താപം എന്നിവയേയും സൂചിപ്പിക്കുന്നു.

## മെഴുകുതിരികൾ

കത്തിച്ച മെഴുകുതിരികൾ ലോകത്തിൻെറ പ്രകാശമായ മിശിഹായുടെ സാന്നിദ്ധ്യം അനുസ്മരിപ്പിക്കുന്നു.

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

40 (തിരുവോസ്തി രണ്ടായി വിഭജിക്കുന്നു; വീണ്ടും കൂട്ടിച്ചേർക്കുന്നു) :- ഈശോയുടെ മരണത്തേയും ഉത്ഥാനത്തേയും സൂചിപ്പിക്കുന്നു.

41 (ശോശപ്പ വിടർത്തിവെയ്ക്കുന്നു) :- ഉത്ഥാനത്തിന് ശേഷം കല്ലറയിൽ ചുരുണ്ടു കിടന്നിരുന്ന കച്ചയെ ഇത് സൂചിപ്പിക്കുന്നു. ദിവ്യരഹസ്യങ്ങൾ വിശ്വാസികൾക്കായി അനാവരണം ചെയ്യപ്പെട്ടു എന്ന സൂചനയും ഇതിനുണ്ട്.

## VII അനുരഞ്ജന ശുശ്രൂഷ : രണ്ടാം ഭാഗം

42 മനുഷ്യനും മനുഷ്യനുമായുള്ള അനുരഞ്ജനം:- ''കർത്താവായ ദൈവമേ അങ്ങയുടെ ദാസരുടെ ....'' എന്ന് തുടങ്ങുന്ന ഈ പ്രാർത്ഥനാശുശ്രൂഷ യോഗ്യതയോടുകൂടിയ കുർബാന സ്വീകരണത്തിന് ഒഴിച്ച് കൂടാനാവാത്ത ഒരുക്കമാണ്. കലഹം മാറ്റാതെ ഭിന്നത നീക്കാതെ വി.കുർബാന സ്വീകരിച്ചാൽ ശിക്ഷാ വിധിയായിരിക്കും നാം സ്വീകരിക്കുക. (1 കോറി 11 : 27-30)

## VIII വി.കുർബാന സ്വീകരണം.

43 ''സ്വർഗ്ഗസ്ഥനായ പിതാവേ...'' ദൈവവും മനു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഷ്യനുമായി അനുരഞ്ജിതരായവർക്ക് മാത്രമേ 'പിതാവേ' എന്ന് വിളിക്കുവാൻ അർഹതയുള്ളൂ. അതു കൊണ്ട് അനുരഞ്ജന ശുശ്രൂഷയ്ക്ക് ശേഷം കൂടുതൽ യോഗ്യതയോടെ ഈ പ്രാർത്ഥന നാം ചൊല്ലുന്നു.

44 (കുർബാന സ്വീകരിക്കുന്നു):- യേശുവിന്റെ ശരീര രക്തങ്ങൾ സ്വീകരിച്ച് നാം ക്രിസ്തു വാഹകരായിത്തീരുന്നു.

## IX സമാപന ശുശ്രൂഷ

45 കാർമ്മികന്റെ രണ്ട് സമാപന പ്രാർത്ഥനകൾ:- ഈ പ്രാർത്ഥനകളിലൂടെ ദൈവത്തോടു നന്ദി പ്രകാശിപ്പിക്കുകയും, അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യുന്നു.

46 സമാപനാശീർവ്വാദം:- സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു ശിഷ്യന്മാർക്ക് പ്രേഷിത ദൗത്യം നല്കി അനുഗ്രഹിച്ചു പറഞ്ഞയച്ചതിനെ അനുസ്മരിപ്പിക്കുന്നു. നല്ലശമറായനെപ്പോലെ സ്നേഹത്തിലും സേവനത്തിലും അധിഷ്ഠിതമായ ബലിജീവിതം നയിക്കാനുള്ള അനുഗ്രഹവും ആശീർവ്വാദവും നല്കി നമ്മെയും പറഞ്ഞയയ്ക്കുന്നു.

❁ ❁ ❁ ❁ ❁ ❁ ❁

17994
Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആരാധന ക്രമവത്സരം

| | | |
|---|---|---|
| മംഗലവാർത്ത (4 ആഴ്ച ഡിസംബർ) | - | യേശുവിൻെറ തിരുവവതാരം |
| പിറവി (2 ആഴ്ച) | - | യേശുവിൻെറ തിരുവവതാരം |
| ദനഹ (7 ആഴ്ച) | - | യേശുവിൻെറ മാമ്മോദീസാ |
| വലിയ നോമ്പ് ( 7 ആഴ്ച) | - | പരസ്യജീവിതം, പീഡാനുഭവം, മരണം |
| ഉയിർപ്പ് ( 7 ആഴ്ച) | - | ഉയിർപ്പ്, സ്വർഗ്ഗാരോഹണം |
| ശ്ലീഹാ ( 7 ആഴ്ച) | - | പന്തക്കുസ്ത |
| കൈത്താ ( 7 ആഴ്ച) | - | സഭയുടെ വളർച്ച |
| ഏലിയ, സ്ലീവ, മൂശ ( 7 ആഴ്ച) | - | ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനം |
| പള്ളിക്കൂദാശ (4 ആഴ്ച നവംബർ) | - | സഭയുടെ മഹത്വീകരണം |

# തിരുഹൃദയ ധ്യാനാലയം

## സ്പിരിച്ച്വാലിറ്റി സെന്റർ

## ഇരിങ്ങാലക്കുട - 680 121

### *1995 പ്രോഗ്രാം*

| | | | |
|---|---|---|---|
| ഏപ്രിൽ | 22 - 25 | ധ്യാനം | മുരിങ്ങ ഡിവൈൻ ടീ ർഗ്ഗ ിത |
| മെയ് | 27 - 30 | ,, | |
| ജൂൺ | 24 - 27 | ,, | |
| ജൂലൈ | 22 - 25 | ,, | |
| ആഗസ്റ്റ് | 12 - 15 | ,, | |
| സെപ്തമ്പർ | 23 - 26 | ,, | |
| ഒക്ടോബർ | 21 - 24 | ,, | |
| നവംബർ | 25 - 28 | ,, | |
| ഡിസംബർ | 30 - 31 | ,, | |
| 1996 ജനുവരി | 1- 2 | | |

### *1996 പ്രോഗ്രാം*

എല്ലാ മാസവും Sr. ഉഷ & ടീം നയിക്കുന്ന ആന്തരീക സൗഖ്യാനുഭവ ധ്യാനം.

N.B. :- മുൻകൂട്ടി പേരുകൾ റജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രം.

ഡയറക്ടർ

എല്ലാ വെള്ളിയാഴ്ചകളിലും (10.30 am. - 5.30 p.m. )വചനപ്രഘോഷണത്തോടും രോഗശാന്തി ശുശ്രൂഷയോടും കൂടിയുള്ള തിരുഹൃദയാരാധന.

Silver Offset, IJK Ph: 822539

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS